# എന്റെ ദൈവം
# നിന്റെ ദൈവം
# നമ്മുടെ ദൈവം

ഫാ. ജോർജ്ജ് ചേലപ്പുറത്ത്

**ഫാ. ജോർജ്ജ് ചേലപ്പുറത്ത്**

| | | |
|---|---|---|
| ജനനം | : | തൊടുപുഴ വണ്ടമറ്റത്ത് - 09-04-1947 |
| സ്കൂൾ | : | സെന്റ് മേരീസ് സ്കൂൾ, കോടിക്കുളം |
| | : | ഗവ. ഹൈസ്ക്കൂൾ, തൊടുപുഴ |
| വൈദീകപഠനം | : | കോതമംഗലം മൈനർ സെമിനാരി, കോട്ടയം വടവാതൂർ സെമിനാരി |
| പൗരോഹിത്യ സ്വീകരണം | : | 06-01-1972 |
| ഇടവക ജോലി | : | പത്തു വർഷം കോതമംഗലം രൂപത ഇരുപത്തിയഞ്ചു വർഷം ജർമ്മനിയിൽ |
| ഇപ്പോൾ | : | മേരി മാതാ ആയുർവ്വേദ ഹോസ്പിറ്റലിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നു. |
| **ഫോൺ** | : | **9447058165** |


---

**Ente Daivam Ninte Daivam Nammude Daivam**

(Malayalam)

by

Fr. George Chelappurath

Published : November 2020

Copies : 1000

Tyagarchana : 20/-

Printed at : Little Flower Printing Press
Thrikkakara, Kochi - 682021
Phone : 0484 - 2988453

Cover Design by : Divya Vinay

# ആമുഖം

വിശപ്പാണോ ദൈവചിന്തയുടെ ആരംഭം? അതോ ഭയമോ? നന്ദി എന്ന ഭാവമായിരിക്കാൻ സാദ്ധ്യതയില്ല, അത് കാലങ്ങൾക്കു ശേഷമേ ഉണ്ടായിക്കാണൂ. മനുഷ്യചിന്തയുടെ ആദ്യ വിഷയം എന്തായിരുന്നു? ദൈവമായിരിക്കാൻ സാധ്യത യില്ല. എങ്ങനെ വിശപ്പടക്കാം, എങ്ങനെ കിടപ്പാടമുണ്ടാക്കാം, എങ്ങനെ ശത്രുക്കളിൽ നിന്നു രക്ഷപ്പെടാം – ഇതായിരിക്കില്ലേ ആദ്യ ചിന്തകൾ? പിന്നെ എങ്ങനെ മനുഷ്യരുടെ ചിന്തയിൽ ദൈവം കടന്നുകൂടി? ഏതു രൂപത്തിൽ അവന്റെ ചിന്തയിലേക്ക് ദൈവം കടന്നുവന്നു? നിസ്സഹായാവസ്ഥയിലെ തുണയായിട്ടോ?

എന്നാണ് പ്രാർത്ഥിക്കാൻ തുടങ്ങിയത്? എന്താണ് ആദ്യം ചോദിച്ചത്? ചോദിച്ചതു കിട്ടാതെവന്നപ്പോൾ എന്തുകൊണ്ട് എന്നു ചോദിച്ചിരിക്കാം. ആരാണ് ഈ ദൈവം? ഏതു ദൈവം? ആരുടെ ദൈവം? ഓരോരുത്തരും പറയുന്നത് ഓരോ ഉത്തരമാണല്ലോ. ശരിയായത് ഏത്? അന്വേഷിക്കണമോ? ഇതിനുമുൻപ് അന്വേഷിച്ചു കണ്ടെത്തപ്പെട്ടവ എനിക്ക് ഉത്തരമാണോ? ഇല്ലെങ്കിൽ ഞാനും അന്വേഷിക്കേണ്ടേ? ആ അന്വേഷണത്തിലേയ്ക്ക് ഈ പുസ്തകത്തിലെ ചിന്തകൾ സഹായകമായാലോ!

**ഫാദർ ജോർജ്ജ് ചേലപ്പുറത്ത്**

# ഉള്ളടക്കം


**എന്റെ ദൈവം! നിന്റെ ദൈവം! നമ്മുടെ ദൈവം!** **5**

**Part I. ദൈവലക്ഷണങ്ങൾ** **6**

A. സ്വരൂപ ലക്ഷണം 7

B. ബാഹ്യ ഭാഗിക സാങ്കൽപിക ലക്ഷണങ്ങൾ 9

**Part II. ദൈവാനുഭവവും അനുദിന ജീവിതവും** **11**

A. ശാന്തിയും സമാധാനവും നൽകുന്ന ദൈവാനുഭവം 12

B. ദൈവാനുഭവത്തിലേയ്ക്കുള്ള വഴികൾ 13

C. സ്വരൂപ ലക്ഷണത്തിലേയ്ക്കുള്ള വഴിയിലെ തടസ്സങ്ങൾ 14

D. വഴിതെറ്റിക്കുന്ന ബാഹ്യ ഭാഗിക സാങ്കൽപിക ലക്ഷണങ്ങൾ 15

E. പ്രശ്നങ്ങളുടെ യഥാർത്ഥ കാരണങ്ങൾ 17

F. വളർത്തുന്ന ഗുരുക്കന്മാർ 19

G. മതപ്രസംഗകർക്ക് സൂക്ഷിക്കാൻ പറ്റുമോ? 19

H. മതങ്ങളുടെ സാമൂഹികവശം 21

**പുതിയ യുഗത്തിലേക്ക്** **22**

# എന്റെ ദൈവം! നിന്റെ ദൈവം! നമ്മുടെ ദൈവം!

സത്യദൈവമാണ് അടിസ്ഥാനമെങ്കിൽ ലോകത്തിൽ ഒരു മതമേ ഉണ്ടാകാവൂ. ദൈവം എല്ലാവരുടേതുമാണ്. എല്ലാവർക്കും കടി ഒരു ദൈവമേയുള്ളൂ. എല്ലാ മനുഷ്യരുടേയും ദൈവം. അതുപോലെതന്നെ എല്ലാ ജീവജാലങ്ങളുടെയും പ്രകൃതിയുടേയും ദൈവം. ദൈവത്തിന്റെ സ്വരൂപലക്ഷണം മനസ്സിലാക്കാൻ പരിശ്രമിക്കുന്നവന് ഈ സത്യം മനസ്സിലാക്കാൻ എളുപ്പമാണ്.

സങ്കൽപങ്ങളാണ് അടിസ്ഥാനമെങ്കിൽ ആർക്കെല്ലാം എന്തെല്ലാം സങ്കൽപിക്കാൻ സാദിക്കുമോ അത്രയും മതങ്ങളുമാകാം. ഇവിടെ അടിസ്ഥാനം അസത്യങ്ങളോ, അർദ്ധസത്യങ്ങളോ, സങ്കൽപങ്ങളോ കെട്ടുകഥകളോ ആണ്. ഏതെങ്കിലും ഒരു ആദർശത്തെ മുറുകെപ്പിടിച്ച്, ഒരു കെട്ടുകഥയെ മുൻനിർത്തി, ചില പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ, കേട്ടുകേൾവിയുടെ പശ്ചാത്തലത്തിൽ ദൈവത്തിന്റെ ബാഹ്യഗുണങ്ങളെ മുൻനിർത്തി ഓരോരുത്തർക്കും മതങ്ങൾ ഉണ്ടാക്കാം. ചില മഹത് വ്യക്തികളെ ചുറ്റിപ്പറ്റിയും ചില അതിശയോക്തിപരമായ സംഭവങ്ങളെ ആസ്പദമാക്കിയും മതങ്ങളുണ്ടാകാം. എല്ലാറ്റിനും പിന്നിൽ കുറെ സത്യങ്ങളുമുണ്ടാകാം.

സങ്കൽപങ്ങളും കെട്ടുകഥകളും ദൈവത്തിന്റെ ബാഹ്യ ലക്ഷണങ്ങളും അടിസ്ഥാനമാക്കി മനുഷ്യൻ മെനഞ്ഞെടുക്കുന്ന മതങ്ങൾക്കു കുറേപ്പേരെ കുറെക്കാലത്തേയ്ക്കു അനുയായികളായി കൊണ്ടുനടക്കാൻ പറ്റിയേക്കാം. ആര് എന്തു തട്ടിക്കൂട്ടിയാലും കൂട്ടത്തിൽ കൂടാൻ കുറെ ആൾക്കാർ കാണും. ഈ മതങ്ങൾകൊണ്ട് കുറെപ്പേർക്ക് ചില ഗുണങ്ങളൊക്കെ ഉണ്ടാകാം, ആദ്ധ്യാത്മികതലത്തിലും.





## Part 1

# ദൈവലക്ഷണങ്ങൾ

ദൈവത്തെക്കുറിച്ചുള്ള അറിവുകൾ എന്താണെങ്കിലും എങ്ങനെയുള്ളതാണെങ്കിലും ദൈവത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ സ്വാഭാവികമായിട്ടും ദൈവത്തിന്റെ ലക്ഷണങ്ങളെ കുറിച്ചുള്ള പഠനത്തിൽ എത്തിച്ചേരും. ദൈവത്തിന്റെ ലക്ഷണങ്ങളെരണ്ടു ഗ്രൂപ്പായി തിരിക്കാം. ഒന്ന് സ്വരൂപ ലക്ഷണങ്ങൾ രണ്ട് ബാഹ്യ ഭാഗിക സാങ്കൽപിക ലക്ഷണങ്ങൾ. ഉദാഹരണങ്ങൾക്ക് അതിന്റേതായ പരിമിതികളു ണ്ടെങ്കിലും ദൈവത്തിന്റെ സ്വരൂപ ലക്ഷണവും ബാഹ്യ ഭാഗിക സാങ്കൽപിക ലക്ഷണങ്ങളും തമ്മിലുള്ള വ്യത്യാസം ഒരു ഉദാഹരണ ത്തിലൂടെ മനസ്സിലാക്കാൻ ശ്രമിക്കാം.

ഒരു കുടുംബനാഥൻ - ജോലി കൃഷി, പഞ്ചായത്തു മെമ്പർ, അല്പസ്വല്പ കലാവാസനയുണ്ട്, നാടകത്തിൽ അഭിനയിക്കും. നല്ല ഒരു വീടു പണിതു. ലോട്ടറി അടിച്ചു കിട്ടിയ പണം കൊണ്ടാണെന്ന് നാട്ടുകാർ പറയുന്നു. മക്കളുടെ മുമ്പിൽ പിതാവാണ്. ഈ ആളെ സംബന്ധി ച്ചിടത്തോളം തന്റെ അസ്തിത്വത്തെ മുഴുവനും ഈ 'പിതാവ്' എന്ന വിശേഷണം കൊണ്ട് പൂർണ്ണമായി വെളിപ്പെടുത്തുന്നില്ല. ഇത് ഭാഗിക സത്യം. നാടകത്തിൽ കച്ചവടക്കാരനായി അഭിനയിക്കുന്നു - കച്ചവടക്കാരൻ എന്നത് ബാഹ്യ ലക്ഷണം - കാണപ്പെടുന്ന ലക്ഷണം. അതിന് അദ്ദേഹത്തിന്റെ സ്വരൂപ ലക്ഷണവുമായി ഒരു ബന്ധവുമില്ല. ലോട്ടറി അടിച്ചെന്നു നാട്ടുകാർ സങ്കല്പിച്ചിരുന്നു - സാങ്കല്പിക ഗുണം. സത്യവുമായി ബന്ധമില്ല. ഉണ്ടാകാൻ പാടില്ലായ്കയുമില്ല. ഈ ബാഹ്യ ഭാഗിക സാങ്കല്പിക ലക്ഷണങ്ങളിൽ ഒന്നോ, രണ്ടോ എല്ലാം കൂടിയോ എടുത്താലും അദ്ദേഹത്തിന്റെ സ്വരൂപ ലക്ഷണം ആവുകയില്ല. കണ്ടതും കേട്ടതും എല്ലാം സ്വരൂപ ലക്ഷണത്തിലേയ്ക്കു നയിക്കാം. പക്ഷേ, സ്വരൂപ ലക്ഷണത്തിലെത്തണമെങ്കിൽ ആളെ അടുത്തറിയണം. സ്വരൂപ ലക്ഷണത്തിലേയ്ക്കുള്ള മാർഗ്ഗമെന്ന നിലയിൽ ബാഹ്യ ഭാഗിക സാങ്കൽപിക ലക്ഷണങ്ങൾക്കും അതിനെക്കുറിച്ചുള്ള ചർച്ചകൾക്കും അതിന്റേതായ പ്രാധാന്യമുണ്ട്.

## A. സ്വരൂപ ലക്ഷണം

ദൈവത്തിന്റെ സ്വരൂപ ലക്ഷണം വാഗോചരമല്ല. ദൈവത്തിന്റെ യഥാർത്ഥരൂപം ബുദ്ധിക്കും മനസ്സിനും അഗ്രാഹ്യമാണ്. യഥാർത്ഥ ദൈവാനുഭവമുണ്ടാകുന്നത് ഇന്ദ്രിയങ്ങൾക്കും മനസ്സിനും ബുദ്ധിക്കും അതീതമായ ഒരു തലത്തിലാണ്. അതുകൊണ്ടാണ് വാക്കുകൾക്ക് അവയെ സ്ഥലകാലാദി മാദ്ധ്യമങ്ങളിലൂടെ പ്രകടിപ്പിക്കാൻ സാധിക്കാതെ പോകുന്നതും. മനുഷ്യവാക്കുകളിൽ നിർവ്വചിക്കപ്പെടുന്ന ദൈവം യഥാർത്ഥ ദൈവമല്ല. എല്ലാത്തിനും അടിസ്ഥാനമായ ദൈവത്തിന്റെ അടിസ്ഥാനം മനുഷ്യനായി മാറുകയോ? ഈ ദൈവം മനുഷ്യസൃഷ്ടി യായിരിക്കും. ദൈവത്തിന്റെ യഥാർത്ഥ ലക്ഷണത്തിലേയ്ക്ക് എത്തുന്നത് സ്ഥലകാലാദികൾക്കതീതമായ അനുഭവത്തിലൂടെയാണ്.

ദൈവം എന്തല്ല എന്നു മനുഷ്യനു പറയാൻ പറ്റും. ഉദാ. അനീതി പ്രവർത്തിക്കുന്നവനല്ല. എന്തായിരിക്കാൻ പാടില്ലാ എന്നു പറയാം - അറിവില്ലാത്തവനായിരിക്കാൻ പാടില്ല. എന്തായിരിക്കണം എന്നു പറയാൻ പറ്റും - സ്നേഹിക്കുന്നവൻ. പക്ഷേ ഇതെല്ലാം മാനുഷിക നിഗമനങ്ങൾ മാത്രം. തെറ്റല്ലെന്ന് ഉറപ്പിക്കാം. പക്ഷെ ഇത്രമാത്രം ആണെന്നോ, ഇത്രയുമൊക്കെയോ ഉള്ളൂ എന്നോ, പറയാൻ പാടില്ല.



ദൈവത്തെക്കുറിച്ച് പറയുന്നതും കേൾക്കുന്നതും ചിലപ്പോൾ ബുദ്ധിക്ക് അതീതമാകാം. പക്ഷേ ബുദ്ധിക്ക് നിരക്കാത്തതാകരുത്. സത്യത്തിനു വിരുദ്ധമായതൊന്നും ദൈവത്തിൽ നിന്ന് ഉണ്ടാവുകയില്ലല്ലോ. സ്നേഹത്തിനു വിരുദ്ധമായതും ഉണ്ടായിക്കൂടാ. ഈ തത്ത്വങ്ങളിൽനിന്ന് ആരംഭിച്ചാൽ ദൈവത്തിന്റെ യഥാർത്ഥ രൂപത്തിനടുത്തേയ്ക്ക് മനുഷ്യന് എത്താൻ പറ്റും.

അനിർവചനീയനെങ്കിലും അപ്രാപ്യനല്ല. എന്നാൽ ഇത് സാധിക്കുന്നത് സ്ഥലകാലാദികളുടെയും ഇന്ദ്രിയാനുഭൂതികളുടെയും മനോവ്യാപാരങ്ങളുടെയും പരിമിതികളിൽക്കൂടിയല്ല. ഇവയ്ക്കെല്ലാം അതീതമായ അനുഭവത്തിലൂടെയാണ്.

ദൈവാനുഭവത്തിലേയ്ക്ക് എത്താനുള്ള സാദ്ധ്യതകൾ എല്ലാവർക്കുമുണ്ട്. പലരും പലവിധത്തിലാണ് ഇതു സാധിക്കുക. അവസരങ്ങളും മാർഗ്ഗങ്ങളും വ്യത്യസ്തമായിരിക്കാം. തരണം ചെയ്യേണ്ടതായ പല പടികളും ഉണ്ട്. ആചാര്യന്മാരും ഗുരുക്കന്മാരും മതഗ്രന്ഥങ്ങളും നമുക്ക് പറഞ്ഞുതരുന്നുണ്ട്, സത്യദൈവം ആര്? എങ്ങനെ ആയിരിക്കണം?. അതിനെക്കുറിച്ച് ചിന്തിച്ചും അറിയാവുന്നവരിൽ നിന്ന് സംശയനിവാരണം വരുത്തിയും മുന്നോട്ടു പോകുമ്പോൾ സാവകാശം ദൈവാനുഭവത്തിലെത്താം.

ദൈവത്തെ ആത്മാർത്ഥമായി അന്വേഷിക്കുന്നവർ പരസ്പരം കലഹിക്കുകയില്ല. അന്വേഷണം ആത്മാർത്ഥമാണെങ്കിൽ അന്വേഷിക്കുന്ന വഴികളും രീതികളും പലതാണെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാവുകയില്ല. മതങ്ങൾ തമ്മിൽ വ്യത്യാസമുണ്ടെങ്കിലും - ചിലർ പള്ളിയിൽ പോകുന്നു. മറ്റു ചിലർ അമ്പലത്തിൽ പോകുന്നുവെങ്കിലും, ദൈവത്തെ പലപേരിൽ വിളിക്കുന്നുവെങ്കിലും എല്ലാവരുടേയും ദൈവം ഒന്നാണെന്ന് മനസ്സിലാക്കുന്നു. മനസ്സിലാക്കുന്ന അളവിൽ വ്യത്യാസമുണ്ടെങ്കിലും അറിവ് പരസ്പര പൂരകങ്ങളാണെന്ന് ഗ്രഹിക്കാൻ പറ്റും. അന്ധന്മാർ ആനയെ സ്പർശിച്ചശേഷം വിവരിക്കുന്ന കഥ എത്രയോ അർത്ഥവത്താണ്.

വളച്ചൊടിക്കപ്പെടാത്ത ചരിത്രവും ബുദ്ധിയും യുക്തിയും ഇവിടെ തെളിഞ്ഞുകാണാം. മനുഷ്യരുടെ (എല്ലാ മനുഷ്യരുടെയും) നന്മ, പ്രകൃതിയുടെ സംരക്ഷണം, എല്ലാവർക്കുമുള്ള തുല്യ നീതി. ഈ ദൈവത്തെക്കുറിച്ചു പറയാൻ ഭാവനയും വാക്ചാതുര്യവും പോരാ. ഒത്തിരി പറയാൻ സാദ്ധ്യവുമല്ല. ഈ ദൈവത്തെ കണ്ടുമുട്ടുകയാണ്, അനുഭവിക്കുകയാണ് വേണ്ടത്.

ദൈവത്തിന്റെ സ്വരൂപലക്ഷണങ്ങളെക്കുറിച്ച് ആരും തർക്കിക്കില്ല. അത് ഏതാണെന്നത് അനുഭവമാണ്. അവിടെ അഭിപ്രായങ്ങൾ ഇല്ല. ഉണ്ടാകാൻ പാടില്ല. ആയിരിക്കുന്ന ദൈവത്തെ ആയിരിക്കുന്നതുപോലെ കാണുന്നവർ പലരീതിയിൽ കാണുകയില്ലല്ലോ. എല്ലാവർക്കും പൂർണ്ണമായി മനസ്സിലായെന്നു വരില്ല. പക്ഷെ സ്വരൂപത്തിലേയ്ക്കുള്ള വഴിയിലുള്ളവർ എന്തെങ്കിലും മനസ്സിലാക്കി

ക്കഴിഞ്ഞാലും 'അത് അത്രയെ ഉള്ളൂ, ഞാൻ കണ്ടതാണ് ശരി, ഞാൻ മുഴുവനും കണ്ടു, ഞാൻ കണ്ടതിനപ്പുറം ഒന്നും ഇല്ലാ' എന്നു പറയുകയോ ചിന്തിക്കുകയോ ഇല്ല.

## B. ബാഹ്യ ഭാഗിക സാങ്കൽപിക ലക്ഷണങ്ങൾ

പേരു സൂചിപ്പിക്കുന്നതുപോലെ ഈ ലക്ഷണങ്ങൾ പൂർണ്ണമല്ലെന്ന് വ്യക്തം. ഈ അപൂർണ്ണത പല വിധത്തിലാകാം. ചില ലക്ഷണങ്ങൾ ബാഹ്യലക്ഷണങ്ങളായിരിക്കാം. ഉദാ. ദൈവം സ്രഷ്ടാവാണ്. മനുഷ്യരുടെ ജീവിത്തിൽ ഉപയോഗിക്കുന്ന ഗുണങ്ങൾ - അത് ദൈവത്തിലേയ്ക്ക് ആരോപിക്കുന്നു. അടിസ്ഥാനം സത്യമാകാം എങ്കിലും ലക്ഷണം ദൈവത്തെക്കുറിച്ച് കാര്യമായൊന്നും പറയുന്നില്ല. ചെയ്തു എന്നു നമ്മൾ വിചാരിക്കുന്ന ഒരു കാര്യം പറയുന്നു.

ചില ലക്ഷണങ്ങൾ സാങ്കൽപികങ്ങളായിരിക്കാം. അടിസ്ഥാനം സത്യം ആകാം. ആകണമെന്നില്ല. കെട്ടുകഥകളും ഉപമകളും ആകാം. ഉദാ. ഇന്ന സ്ഥലത്ത് ദൈവം പ്രത്യക്ഷപ്പെട്ടു. സാങ്കൽപികമാണ്. ചരിത്ര യാഥാർത്ഥ്യമാകണമെന്നില്ല. ആയിക്കൂടെന്നുമില്ല. പക്ഷേ ഇത് മനുഷ്യരുടെ ഭാഷയിൽ ദൈവത്തെ ഒതുക്കി നിർത്തുന്നതാണ്. സ്ഥലം, കാലം, പ്രവർത്തി ഇതെല്ലാം മനുഷ്യരുടെ രീതികളാണ്.

മനുഷ്യൻ മനുഷ്യർക്കിടയിൽ ഉപയോഗിക്കുന്ന ഗുണങ്ങൾ, അതിന്റെ ഏറ്റവും കൂടിയ തലത്തിൽ ദൈവത്തിന് കല്പിക്കുന്നു. അതുകൊണ്ട് ഏറ്റവും നല്ല ഒരു മനുഷ്യനായി ദൈവത്തെ കാണാൻ ശ്രമിക്കുന്നു. എല്ലാ വസ്തുക്കളുടേയും എല്ലാം (ആരംഭവും, നിലനിൽപും, അന്ത്യവും) ആണ് ഈ ദൈവം. മനുഷ്യനു ചിന്തിക്കാവുന്ന എല്ലാ ഗുണങ്ങളും ഉള്ളവൻ. ഉദാ. സർവ്വശക്തൻ, സർവ്വജ്ഞാനി, സർവ്വവ്യാപി, നീതിമാൻ മുതലായവ. ഈ എല്ലാ ഗുണങ്ങളും ചേർന്നാലും ദൈവത്തിന്റെ യഥാർത്ഥ രൂപമാകുന്നില്ല. എങ്കിലും ഈ ഗുണ ങ്ങളെക്കുറിച്ചുള്ള ചിന്തകൾ സ്വരൂപ ലക്ഷണം മനസ്സിലാക്കാനുള്ള വഴിയാകാം. കാരണം മനുഷ്യജ്ഞാനം വളരുന്നതും വികസിക്കുന്നതും പഞ്ചേന്ദ്രിയങ്ങൾ വഴി സ്വീകരിക്കുന്ന അപൂർണ്ണ ജ്ഞാനത്തെ ആധാരമാക്കിയാണ്. പുതിയ ഒരു അറിവിലേയ്ക്ക് വരുവാൻ

അതിനുമുൻപ് നമുക്കുണ്ടായിരുന്ന അറിവുമായി ബന്ധപ്പെടുത്താം. ഉദാഹരണമായി സമുദ്രത്തെക്കുറിച്ച് പഠിക്കാൻ കുളത്തിലെ ജലത്തെക്കുറിച്ചുള്ള അറിവ് ഉപകാരപ്രദമാക്കാം. കുളത്തിന്റെ വലുപ്പം കൂട്ടി ചിന്തിക്കാൻ സാധിക്കുമല്ലോ. എന്നാലും എത്ര വലിയ കുളമായാലും സമുദ്രമാവുകയില്ലല്ലൊ. ഭാവനയിൽ ഒതുങ്ങാതെ വരുമ്പോൾ ചിന്ത മുന്നോട്ടു കൊണ്ടുപോകുവാൻ പലർക്കും സാധിക്കുകയില്ല. സ്വരൂപ ലക്ഷണത്തിലേക്കുള്ള യാത്ര അവസാനിപ്പിച്ച് സാങ്കൽപിക ഗുണങ്ങളെക്കൊണ്ട് തൃപ്തിപ്പെടുന്നു. അതാണ് എളുപ്പവും. ഈ നിലയിൽ ഇഷ്ടമുള്ള ഗുണങ്ങൾ എടുത്ത് അത് ആസ്വദിച്ച് ജീവിക്കാമല്ലോ. ദൈവം നീതിമാനാണ്, എനിക്ക് പ്രതിഫലം കിട്ടും, എന്റെ ശത്രുവിനെ ദൈവം ശിക്ഷിക്കും. എത്രയോ ആശ്വാസപ്രദമായ ചിന്തകൾ. അങ്ങനെ യഥാർത്ഥ ദൈവത്തിലേക്കെത്താതെ, ദൈവത്തിന്റെ ചില ഗുണങ്ങളെ ചുറ്റിപ്പറ്റി നിൽക്കുന്നു. ഈ അവസ്ഥയിലാണ് പല മതങ്ങൾ രൂപംകൊള്ളുന്നത്. അതുകൊണ്ടാണ് ഒരു മതത്തിന്റേയും പഠിപ്പിക്കൽ പൂർണ്ണമാകാതെ പോകുന്നതും. എന്നാലും എന്തെങ്കിലും അടിസ്ഥാനവും കുറേ സത്യങ്ങളും എല്ലാ മതങ്ങളിലും കാണാം. ഒന്നും പൂർണ്ണമല്ലാതാനും. ഈ അപൂർണ്ണ സത്യങ്ങൾക്ക് അർത്ഥമോ അടിസ്ഥാനമോ ഇല്ലെന്നു പറയുന്നില്ല. ഈ അറിവ് പൂർണ്ണ അറിവിലേയ്ക്ക് നയിക്കാം. യഥാർത്ഥ ദൈവാനുഭവത്തിലേയ്ക്കുള്ള പ്രാരംഭ പടിയായി ബാഹ്യ ഭാഗിക സാങ്കൽപിക ലക്ഷണങ്ങൾ പ്രവർത്തിക്കാം.



# Part II

# ദൈവാനുഭവവും
# അനുദിന ജീവിതവും

ഭാഗിക ലക്ഷണങ്ങൾ മാത്രം പഠിക്കുന്നവൻ ചോദിക്കുന്നത് തരുന്ന ദൈവത്തെ കണ്ടുമുട്ടാൻ നോക്കുമ്പോൾ സ്വരൂപ ലക്ഷണം മനസ്സിലുള്ളവന് ചോദിക്കാതെ തരുന്ന, അപേക്ഷിക്കുന്നവനേയും അപേക്ഷിക്കാത്തവനേയും ഒരുപോലെ സഹായിക്കുന്ന ദൈവത്തെ കണ്ടെത്താൻ പറ്റും.

ബാഹ്യലക്ഷണങ്ങൾ മാത്രം മനസ്സിലുള്ളവൻ ദൈവത്തിന്റെ അനുഗ്രഹത്തിനായി അക്ഷമയോടെ കാത്തിരിക്കും. എന്തേ വരാത്തത്, എന്തുകൊണ്ട് എനിക്ക് ഈ വിധി, എന്ന് എല്ലാം ശരിയാക്കും. ഒൻപത് ദിവസം, പിന്നെ ഒരു ഒൻപതു ദിവസം, പിന്നെ ഒരു നാൽപത്തൊന്നു ദിവസം നിരാശയോടെ ദൈവത്തിന്റെ വരവും കാത്തിരിക്കും.

സ്വരൂപ ലക്ഷണത്തിലേക്കുള്ള പാതയിൽ എത്തുന്നവന് കാലങ്ങൾ പ്രശ്നമല്ല. അത് എത്ര വേണമെങ്കിലും ആകട്ടെ. നീ വരും - വരുമ്പോൾ വരട്ടെ, ക്ഷമയോടെ, പ്രതീക്ഷയോടെ, സമാധാനത്തോടെ കാത്തിരിക്കും.

ബാഹ്യ ഭാഗിക സാങ്കൽപിക ലക്ഷണങ്ങൾ മാത്രം മനസ്സിലുള്ളവൻ ചെയ്തതെല്ലാം കണക്കുകൂട്ടി, അതിനുള്ള പ്രതിഫലവും കാത്തിരിക്കു മ്പോൾ, സത്യാന്വേഷി ദൈവത്തിന്റെ മുൻപിൽ കൈകൾ കൂപ്പി 'ദൈവമേ' എന്നു ശാന്തമായി പറയും. സ്നേഹത്തിന്റെയും പ്രതീക്ഷയുടേയും സമർപ്പണത്തിന്റേയും ഭാവമായിരിക്കും ഈ നിൽപിന്. അതു ജീവിതത്തിനു മുഴുവൻ ശാന്തഭാവം നൽകും.

പലരും നിഷേധിക്കുന്ന ദൈവം മനുഷ്യനിർമ്മിത ദൈവമല്ലേ? മനുഷ്യനിർമ്മിത ദൈവത്തിന്റെ, ദൈവങ്ങളുടെ അനുയായികൾ തമ്മിലല്ലേ അടി കൂടുന്നത്?

ദൈവത്തിന്റെ സ്വരൂപലക്ഷണങ്ങളിലേയ്ക്കു അടുക്കുന്ന മതങ്ങൾ തമ്മിൽ ഒരിക്കലും വഴക്കടിക്കുകയില്ല. സഹോദരങ്ങളെ പോലെ കഴിയും. കാരണം എല്ലാവരും ഒരേ ദൈവത്തിന്റേതാണെന്ന അടിസ്ഥാന സത്യം.

സ്വത്തു സമ്പാദനമല്ല ലക്ഷ്യമെന്നതിനാൽ ചൂഷണത്തിന്റെ ആവശ്യമില്ല.

## A. ശാന്തിയും സമാധാനവും നൽകുന്ന ദൈവാനുഭവം

മനസ്സിന് ശാന്തിയും സമൂഹത്തിന് സമാധാനവും നൽകാൻ ശരിയായ ദൈവാനുഭവം വഴി സാധിക്കും. സ്വാർത്ഥത വെടിഞ്ഞുള്ള അന്വേഷണം സത്യത്തിലേയ്ക്കു വാതിൽ തുറക്കും.

യഥാർത്ഥ ദൈവത്തിലേയ്ക്കു വരുമ്പോൾ ഞാനല്ല, ദൈവമാണ് കേന്ദ്രബിന്ദു. ഞാൻ വെറും സാക്ഷി, കാഴ്ചക്കാരൻ. അവിടെയാണ് ചോദിക്കാതെ നൽകുന്ന ദൈവത്തെ കാണാൻ പറ്റുക. ഞാനും മറ്റുള്ളവരെപ്പോലെ ദൈവത്തിന്റെ മുമ്പിലാണ്. എനിക്കു പ്രത്യേകതകളൊന്നുമില്ല. ചെയ്തതൊന്നും വലിയ കാര്യമല്ല. നേടിയതൊന്നും എന്റേതല്ല. എല്ലാം എല്ലാവർക്കും വേണ്ടിയുള്ളത്. ഈ ദൈവം എല്ലാവരുടേയുമാണ് - ആ കൂട്ടത്തിൽ എന്റേതും.



ദൈവത്തിന്റെ സ്വരൂപലക്ഷണങ്ങൾ വാക്കുകളിൽ അവതരിപ്പിക്കാൻ കഴിയില്ലാത്തതു കൊണ്ട് ആരും അതിനെക്കുറിച്ച് തർക്കിക്കില്ല. ആ നിലയിൽ ഗ്രൂപ്പുകളും ഗ്രൂപ്പുവഴക്കുകളും ഉണ്ടാകില്ല. യഥാർത്ഥ ദൈവത്തെ അന്വേഷിക്കുന്നവരും, കണ്ടെത്തുന്നവരും ഒരേ ദിശയിലേയ്ക്ക് മുന്നിലോ പുറകിലോ, തോളോടു ചേർന്നോ പോകും, ശാന്തിയിലേയ്ക്കും സമാധാനത്തിലേയ്ക്കും.

ദൈവത്തിന്റെ പേരിൽ, മതത്തിന്റെ പേരിൽ ഞാൻ ആരെയെങ്കിലും വേദനിപ്പിക്കുന്നെങ്കിൽ അവൻ എന്റെ ദൈവത്തിന്റെ സൃഷ്ടിയാണെന്നും, എന്റെ ദൈവം അവനേയും സ്നേഹിക്കുന്നുണ്ടെന്നും, അവനും എന്റെ ദൈവത്തിൽ നിന്നു പ്രതിഫലം കിട്ടുമെന്നും,

അവന്റെ തെറ്റുകൾക്ക് എന്റെ ദൈവം അവനെ ശിക്ഷിക്കുകയോ ശിക്ഷിക്കാതിരിക്കുകയോ ചെയ്യട്ടെയെന്നും, അവനും ഞാനും കൂടി നമ്മുടെ ദൈവത്തിന്റെ മുമ്പിൽ ഒരു ദിവസം ഒരുമിച്ചു വരേണ്ടതാണെന്നുമുള്ള ചിന്ത വഴക്കിലേയ്ക്കല്ല യോജിപ്പിലേയ്ക്കും സഹകരണത്തിലേയ്ക്കുമാണ് നയിക്കുക.

## B. ദൈവാനുഭവത്തിലേയ്ക്കുള്ള വഴികൾ

സത്യദൈവത്തെ കണ്ടെത്താൻ, ശാന്തിയും സമാധാനവുമുള്ള ജീവിത ലക്ഷ്യത്തിലേയ്ക്ക് എത്താൻ - ആദ്ധ്യാത്മിക ഗുരുക്കന്മാർ ഉപദേശിക്കുന്ന മാർഗ്ഗങ്ങൾ :-

1. രക്ഷപ്പെടണമെന്ന ആഗ്രഹം - ഞാനും നീയും അവരും രക്ഷപ്പെടണമെന്ന ആഗ്രഹം. വെറും ആഗ്രഹമല്ല, നിർബ്ബന്ധം. അതിനുവേണ്ടി എന്തും ചെയ്യുവാനുള്ള സന്നദ്ധത.

ചെളിക്കുഴിയിൽ കിടന്ന് ഉരുളുന്ന പന്നിക്ക് അഴുക്കുവെള്ളം സുഖം. മരച്ചില്ലകളിൽ തത്തിക്കളിച്ച് പാട്ടുപാടിയിരിക്കുന്ന കുയിലിന് പാട്ടുപാടുന്നതു സുഖം. കുടുംബം നോക്കാതെ കിട്ടുന്ന പൈസയ്ക്കു കള്ളുംകുടിച്ച് കൂത്താടി നടക്കുന്നവൻ, കുടിയന്റെ ഭാവവും രീതിയും ഇഷ്ടപ്പെടുന്നു. ഇത്ര ദിവസം ഉപവസിച്ചാൽ ദൈവം എന്റെ പ്രാർത്ഥന കേൾക്കും എന്നു ചിന്തിച്ച് പ്രാർത്ഥനകൾ ചൊല്ലിക്കൂട്ടുന്നവന് ആ രീതിയിലുള്ള പ്രാർത്ഥനയും ഉപവാസവും സന്തോഷം നൽകുന്നു. എനിക്ക് ഇത് മതി, ഇതിൽ ഞാൻ സന്തുഷ്ടനാണെന്ന് പറഞ്ഞ് നടക്കുന്നവനെ ദൈവത്തിന്റെ സ്വരൂപ ലക്ഷണത്തിലേയ്ക്ക് എത്തിക്കാൻ സാധിക്കുകയില്ല. എനിക്ക് ഉള്ളതിന് അപ്പുറത്ത് എന്തെങ്കിലും ഉണ്ട്, ഉണ്ടാകാൻ സാധ്യതയുണ്ട്. അത് എന്തെന്നറിയണം. ഇതിലും നല്ലതാണെങ്കിൽ എനിക്ക് അതു നേടണം. സത്യാന്വേഷിക്കു മാത്രമേ ദൈവത്തിന്റെ സ്വരൂപ ലക്ഷണത്തിലേയ്ക്കു പ്രവേശിക്കാൻ സാധിക്കുകയുള്ളൂ. ശാന്തിയും സമാധാനവുമുള്ള മനസ്സ് ദൈവത്തിലേയ്ക്കു തനിയെ ചരിച്ചുകൊണ്ടിരിക്കും - യഥാർത്ഥ ദൈവത്തിലേക്ക്.



2. ‘എന്നെക്കൊണ്ട് ആർക്കും ഉപദ്രവം ഉണ്ടാകരുത്’. എന്റെ സംസാരം, പ്രവർത്തി, അവയ്ക്കടിസ്ഥാനമായ ചിന്ത ഇവയൊന്നും അന്യർക്ക് ഒരു രീതിയിലും ബുദ്ധിമുട്ട് ഉണ്ടാക്കരുത്.



3. ‘എന്നെക്കൊണ്ട് പറ്റുന്ന സഹായം മറ്റുള്ളവർക്ക് ചെയ്യണം’. ചെറുതാകട്ടെ വലുതാകട്ടെ പറ്റുന്നതു ചെയ്യുക. സമയവും പണവും മിച്ചമുള്ളതിൽ നിന്നല്ല, ഉള്ളതിൽ നിന്ന് മറ്റുള്ളവർക്ക് കൊടുക്കുക. കൊടുക്കാൻ ഉണ്ടാകണമെങ്കിൽ പലതും വേണ്ടായെന്നു വയ്ക്കണം.

4. ആവശ്യവും അത്യാവശ്യവും ആവശ്യമില്ലാത്തതും, ഉപകാരമുള്ളതും ഉപകാരമില്ലാത്തതും, ഉപദ്രവമുള്ളതും ഉപദ്രവമില്ലാത്തതും, വേണ്ടതും വേണ്ടാത്തതും, ഇന്നലെയും ഇന്നും നാളെയും എല്ലാം തിരിച്ചറിയാനുള്ള കഴിവ് വികസിപ്പിക്കണം.

## C. സ്വരൂപ ലക്ഷണത്തിലേയ്ക്കുള്ള വഴിയിലെ തടസ്സങ്ങൾ

പലപ്പോഴും ആൾദൈവങ്ങളും മതങ്ങളുമാണ് മനുഷ്യരെ ദൈവത്തിലേയ്ക്ക് അടുപ്പിക്കുന്നതിന് തടസ്സമായിരിക്കുന്നത്. ‘പട്ടി പുല്ലു തിന്നുകയുമില്ല, പശുവിനെ തീറ്റിക്കുകയുമില്ല’. രണ്ടു മതങ്ങൾ തമ്മിൽ യോജിച്ചാൽ എത്രയോ നേതാക്കന്മാരുടെ സ്ഥാനമാണ് നഷ്ടമാകുന്നത്. ആളുകൾ എന്റെ ചുറ്റും നിൽക്കണമെങ്കിൽ അവർക്കു സത്യദൈവത്തി ലേയ്ക്കുള്ള വഴി കാണിച്ചുകൊടുക്കരുത്. “എനിക്കും കിട്ടണം പണം”.

ഒരു കടയിൽ കയറി ഒരു സാധനം നിങ്ങൾ ചോദിക്കുന്നു. കടക്കാരൻ സാധനം കൊണ്ടുവന്ന് അതിന്റെ ഗുണങ്ങളെല്ലാം പറഞ്ഞ് നല്ലതെന്ന് ബോദ്ധ്യപ്പെടുത്തുന്നു. നമ്മൾ അതു വാങ്ങിക്കാൻ തയ്യാറാകുന്നു. കടക്കാരനും നമുക്കും ഇഷ്ടപ്പെടുന്ന സാഹചര്യം. അപ്പോഴാണ് കടക്കാരൻ പറയുന്നത്. ഇതു നല്ലതാണ്, വളരെ നല്ലതാണ്. പക്ഷേ ഇതിലും നല്ലത് അടുത്ത കടയിൽ ഉണ്ട്, വിലയും ഒട്ടും കൂടുതലില്ല. അങ്ങനെ ഒരു കടക്കാരനുണ്ടോ?

ഞാൻ കാണിച്ചുകൊടുക്കുന്ന സാങ്കൽപിക ഗുണങ്ങളെ ചുറ്റിപ്പറ്റി ദൈവത്തിന്റെ പേരിൽ മതത്തിന്റെ പേരിൽ എനിക്കു ചുറ്റും ആളുകൾ കൂടുമ്പോൾ ദൈവത്തിലേയ്ക്ക്, സ്വരൂപ ലക്ഷണത്തിലേയ്ക്ക് ആരു പറഞ്ഞുവിടും. 'ഇങ്ങോട്ടു വാ, ഇങ്ങോട്ടു വാ' എന്നു പറഞ്ഞ് കൂവുന്നതിനിടയ്ക്ക്, 'അങ്ങോട്ടു പോകൂ' എന്ന് ആരെങ്കിലും പറഞ്ഞാൽ, (അത് പലപ്പോഴും ചെറിയ ശബ്ദമായിരിക്കും) ആരു കേൾക്കാൻ!

## D. വഴിതെറ്റിക്കുന്ന ബാഹ്യ ഭാഗിക സാങ്കൽപിക ലക്ഷണങ്ങൾ

പല ആചാരങ്ങളുടെയും അടിസ്ഥാനം കെട്ടുകഥകളും സങ്കൽപങ്ങളും ആണെന്നറിഞ്ഞിട്ടും അതു സത്യമായി, സ്ഥലവും കാലവും കൂട്ടിച്ചേർത്ത് മനുഷ്യരുടെ മുമ്പിൽ അവതരിപ്പിച്ചാൽ അത് തെറ്റ്. ആളുകളെ സംഘടിപ്പിക്കുന്നതിനും പണം സമ്പാദിക്കുന്നതിനും ഇങ്ങനെയുള്ള അവതരണങ്ങൾ ഉപകരിച്ചേക്കാമെങ്കിലും അത് മനുഷ്യന്റെ അജ്ഞതയെ ചൂഷണം ചെയ്യലാണ്.

അസത്യത്തെ സത്യമായും, സങ്കൽപങ്ങളെ ചരിത്രമായും, ബാഹ്യ ലക്ഷണങ്ങളെ സ്വരൂപലക്ഷണങ്ങളായും വ്യാഖ്യാനിച്ച് ദൈവത്തെക്കുറിച്ച് മനുഷ്യന്റെ ഭാവനയിൽ ഒതുങ്ങുന്ന കാര്യങ്ങൾ പ്രചരിപ്പിച്ചാൽ, അതിനു സ്വീകാര്യത കിട്ടാൻ എളുപ്പമാണ്. മനുഷ്യരുടെ ഇടയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഗുണങ്ങൾ ദൈവത്തിന് ആരോപിക്കാൻ എളുപ്പമാണ്. സ്നേഹം, നീതി, സമാധാനം, ശിക്ഷ ഇതെക്കെ ചേർത്ത് ദൈവത്തെക്കുറിച്ചുള്ള അവതരണം പറയുന്നവർക്കും കേൾക്കുന്നവർക്കും എളുപ്പമാണ്.

പക്ഷേ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മറന്നുപോകരുത്. ആഘോഷങ്ങൾക്കും അധികാരത്തിനും പണത്തിനും വേണ്ടി തട്ടിക്കൂട്ടിയ ആചാരാഘോഷങ്ങൾക്കു പിന്നിൽ ചരിത്രമെന്നും ദൈവത്തിന്റെ സ്വരൂപ ലക്ഷണങ്ങളെന്നും സ്ഥാപിക്കാൻ തുനിയരുത്. അസത്യത്തെ സത്യമായും കെട്ടുകഥകളെ ചരിത്രമായും അർദ്ധസത്യങ്ങളെ മുഴുവൻ സത്യമായും ദൈവത്തിന്റെ സാങ്കൽപിക ബാഹ്യ ഭാഗിക ലക്ഷണങ്ങളെ സ്വരൂപങ്ങളായും അവതരിപ്പിക്കരുത്. തെറ്റുപറ്റുന്നത് അസത്യത്തെ, സ്വാർത്ഥ താൽപര്യങ്ങൾക്കു വേണ്ടി സത്യമായി അവതരിപ്പിക്കുമ്പോഴാണ്. വഴക്കുകളും തർക്കങ്ങളും ഉണ്ടാകുന്നത് ദൈവത്തിന്റെ

സ്വരൂപ ലക്ഷണങ്ങളാണെന്നു പറഞ്ഞ് സാങ്കൽപിക ബാഹ്യ ഭാഗിക ഗുണങ്ങളെ ഉയർത്തിക്കാട്ടുമ്പോഴാണ്. ദൈവത്തിന്റെ ഈ ബാഹ്യ ഭാഗിക സാങ്കൽപിക ലക്ഷണങ്ങളെ അങ്ങനെ ആയിത്തന്നെ കണ്ടാൽ തർക്കങ്ങൾക്ക് അർത്ഥമില്ലെന്ന് തെളിയും. ആർക്കും എന്തു ഗുണവും ദൈവത്തിൽ ആരോപിക്കാം, ദൈവത്തെക്കുറിച്ച് എന്തും സങ്കൽപിക്കാം. എത്ര കെട്ടുകഥകളും മെനഞ്ഞുണ്ടാക്കാം. ആഘോഷങ്ങൾക്കും സാമൂഹിക ബന്ധങ്ങൾക്കും മോടി കൂട്ടുന്നതിനു വേണ്ടിയാകുമ്പോൾ ആരും ആരേയും വിമർശിക്കുകയില്ല. ചൂഷണത്തിനു വേണ്ടിയാകുമ്പോൾ തർക്കങ്ങളും വഴക്കുകളും ഉണ്ടാകും.

ദൈവത്തെക്കുറിച്ചു കേൾക്കുന്ന പലതും സ്വരൂപലക്ഷണമായി തെറ്റിദ്ധരിക്കപ്പെടുന്നതാണ് പല തർക്കവിഷയങ്ങൾക്കും വഴക്കുകൾക്കും കാരണം. ഏതു തർക്കവിഷയമെടുത്താലും അതു വ്യക്തമാകും. ആൾ ദൈവങ്ങൾ പറയുന്നതു യുക്തിപൂർവ്വം ശ്രദ്ധിച്ചാൽ അതു ബോദ്ധ്യപ്പെടാം. അർദ്ധസത്യങ്ങളെയും കെട്ടുകഥകളെയും സങ്കൽപങ്ങളെയും, സത്യങ്ങളും ചരിത്രവസ്തുക്കളും യാഥാർത്ഥ്യങ്ങളും എന്നു തെറ്റിദ്ധരിച്ച് പോകുന്നതാണ് മിക്ക പ്രശ്നങ്ങൾക്കും കാരണം.

പണ്ട് അവിടെ കാളയെ കെട്ടിയിരുന്നതാണ്, അതുകൊണ്ട് ഇന്നവിടെ കാറിടരുത്, ഒരു ബൈക്കുപോലും വെയ്ക്കരുത്. അവിടെ കാളയെ കൊണ്ടുവന്നു കെട്ടണം. ഇല്ലെങ്കിൽ ഒരു കാളയുടെ പ്രതിമയെങ്കിലും വേണമെന്ന് ശാഠ്യം പിടിച്ച്, അതിനെച്ചൊല്ലി അപ്പനും മക്കളും തമ്മിൽ കലഹിച്ചാലോ? അങ്ങനെയുള്ള കലഹങ്ങൾ അല്ലേ ദൈവത്തിന്റെ പേരിൽ നടക്കുന്നത്? മറ്റൊരു ഉദാഹരണം എടുത്താലോ - വലിയ കുടുംബത്തിലെ കാരണവരുടെ 73-ാം ജന്മദിനാഘോഷം - ജനനതീയതി കാരണവർ പറയുന്നത് മീനം 26. അന്ന് ആഘോഷിക്കണം എന്ന് കുടുംബത്തിൽ ചിലർ, അല്ല അത് ഏപ്രിൽ 9 ന് എന്ന് മറ്റു ചിലർ. ജനിച്ച വർഷം മീനം 26 എന്നത് ഏപ്രിൽ 9 ആയിരുന്നു. ഈ വർഷം മീനം 26 ഏപ്രിൽ 8 ആണ്. റെക്കോർഡുകളിൽ എല്ലാം ഏപ്രിൽ 9 ആണ് ജനനതിയതി. പഴമക്കാർ മീനം 26 നും പുതിയ തലമുറ ഏപ്രിൽ 9 നും ഘോഷിക്കട്ടെ. അങ്ങനെ ഏപ്രിൽ 8നും 9നും വീട്ടിൽ ആഘോഷം നടക്കും. അമേരിക്കയിലെ മകൾ ഒരു ദിവസം കൂടി കഴിഞ്ഞ് ഏപ്രിൽ 10 ന് നടത്തും. അർത്ഥശൂന്യമായ, അടിസ്ഥാനരഹിതമായ ആചാരങ്ങൾക്ക് അമിതപ്രാധാന്യം നൽകുമ്പോൾ, (അവയ്ക്കു പ്രാധാന്യം ഇല്ലെന്നു പറയുന്നില്ല) പക്ഷേ അതിനൊക്കെ അത്രയും പ്രാധാന്യമേ ഉള്ളൂ

എന്ന് ഉത്തരവാദിത്വപ്പെട്ടവർ പറയാതിരുന്നാൽ പല പ്രശ്നങ്ങളും ഉണ്ടാകും. സദാചാര ബോധം ഉണ്ടാക്കുന്നതിനും, നാട്ടിൽ നീതിയും ധർമ്മവും സ്ഥാപിക്കുന്നതിനും പല കഥകളും ആചാരങ്ങളും വേണ്ടിവന്നേക്കാം. പക്ഷേ, അതിനൊക്കെ ഒരു പരിധിയിൽ കൂടുതൽ പ്രാധാന്യം കൊടുക്കരുത്.

ദൈവത്തിന്റേയും ഭക്തിയുടേയും പേരിൽ ആളുകളെ സംഘടിപ്പിച്ച് അധികാരം പിടിച്ചുപറ്റുക, പണം ഉണ്ടാക്കുക. ഇവിടെയാണ് അടിയും, പിടിയും, കൊല്ലും, കീഴ്പ്പെടുത്തലും.

മതഗ്രന്ഥങ്ങൾ പഠിച്ചതിന്റെ പേരിൽ ഒരാൾ ദൈവാനുഭവത്തിലേക്ക് എത്തണമെന്നില്ല. മതഗ്രന്ഥങ്ങളിൽ പലപ്പോഴും ദൈവത്തിന്റെ സാങ്കൽപിക ഗുണങ്ങളെക്കുറിച്ചാണ് പറയുന്നത്. അത് അസത്യമാകണമെന്നില്ല, പലപ്പോഴും അപൂർണ്ണസത്യങ്ങളായിരിക്കും. ആ അപൂർണ്ണസത്യങ്ങൾ പൂർണ്ണ സത്യങ്ങളാണെന്ന് കരുതുന്നതാണ് മതവുമായി ബന്ധപ്പെട്ട മിക്കപ്രശ്നങ്ങൾക്കും കാരണം.

ബാഹ്യ ഭാഗിക സാങ്കൽപിത ഗുണങ്ങളെക്കുറിച്ചുള്ള ചിന്ത ഒരുവനെ എല്ലാറ്റിന്റേയും കേന്ദ്രബിന്ദുവാക്കുന്നു. അവിടെ ദൈവാനുഭവം പോലും 'എന്നെ' ചുറ്റിപ്പറ്റിയാണ്. എന്റെ സ്വത്ത്, എന്റെ മക്കൾ, എന്റെ വീട്, എന്റെ അദ്ധ്വാനം, എന്റെ ദൈവം, ഞാൻ പറയുന്നത് കേൾക്കുന്ന ദൈവം, എനിക്കു സമാധാനവും പ്രതിഫലവും നൽകുന്ന ദൈവം. എനിക്കുവേണ്ടി എനിക്ക് ഇഷ്ടമില്ലാത്തവരെ ശിക്ഷിക്കുന്ന ദൈവം. ഈ ദൈവികചിന്ത താൽക്കാലികമായി സന്തോഷം നൽകുന്നെങ്കിലും, ശാശ്വതമായ ശാന്തി നൽകുന്നില്ല. ഈ ചിന്താഗതി സമൂഹത്തിൽ മത്സരമേ സൃഷ്ടിക്കുകയുള്ളൂ.


## E. പ്രശ്നങ്ങളുടെ യഥാർത്ഥ കാരണങ്ങൾ കണ്ടുപിടിക്കുക

ദൈവത്തിന്റെ ബാഹ്യ ഭാഗിക സാങ്കൽപിക സ്വരൂപലക്ഷണങ്ങളെക്കുറിച്ച് മനസ്സിലാക്കിയാൽ ഏതു ലെവലിലാണ് മത്സരങ്ങളും വഴക്കുകളും എന്നത് തിരിച്ചറിയാൻ പറ്റുമല്ലോ. പറയുന്ന ലക്ഷ്യങ്ങളും മനസ്സിലിരിക്കുന്ന ആഗ്രഹങ്ങളും തമ്മിലുള്ള പൊരുത്തക്കേട് കണ്ടുപിടിക്കാൻ പറ്റും. പരിഹാരമാർഗ്ഗം എളുപ്പമാകും. ഉദാഹരണത്തിന്,

ഒരു ആഘോഷത്തിന്റെ തീയതി - ഒരാൾ ഒരു ദിവസത്തിന് പ്രാധാന്യം കൊടുക്കുന്നു. മറ്റൊരാൾ വേറൊരു ദിവസത്തിനും. രണ്ടു ദിവസങ്ങളും സങ്കൽപങ്ങളേയും കെട്ടുകഥകളേയും ആസ്പദമാക്കിയുള്ളതാണെന്നറിഞ്ഞാൽ പിന്നെ വഴക്കിന് അർത്ഥമില്ലല്ലോ. കൊച്ചിനെ ഭക്ഷണം കഴിപ്പിക്കാൻ വേണ്ടി അമ്മ പറഞ്ഞുണ്ടാക്കിയ കഥയാണെന്ന് മനസ്സിലാക്കിയാൽ പിന്നെ ആ കഥയിലെ കഥാപാത്രങ്ങൾ എന്നു മരിച്ചു, എങ്ങനെ മരിച്ചു എന്നു പറഞ്ഞ് എന്തിനു കലഹിക്കണം.

അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ അടിസ്ഥാനമില്ലാത്തതെന്നും, ചരിത്രം എന്നു കരുതിയിരുന്ന കാര്യങ്ങൾ ഭാവനയിൽ ഉണ്ടായതാണെന്നും, കഥകൾ ചരിത്രവസ്തുതകളല്ലയെന്നും, ചില മനുഷ്യരെ ചില കാലങ്ങളിൽ ചില കാര്യങ്ങൾ പഠിപ്പിക്കാൻ വേണ്ടി ചില ആചാര്യന്മാർ പറഞ്ഞു കൊടുത്തതാണെന്നും മറ്റും മനസ്സിലാക്കിയാൽ അവയെച്ചൊല്ലി എന്തിനു തർക്കം? ഒരു ഉദാഹരണം - കടയുടെ ഉദ്ഘാടനത്തിന്റെ ഒന്നാം വാർഷികം, എന്തുമാത്രം പ്രാധാന്യം വേണമെങ്കിലും കൊടുക്കാം. എന്താഘോഷവുമാകാം. പക്ഷേ അതിന് എന്തുമാത്രം പ്രാധാന്യമുണ്ട്? ലോകത്തിൽ എല്ലായിടത്തും വ്യാപിച്ചുകിടക്കുന്ന സിഡ്നിയിലുള്ള ഒരു കമ്പനിയുടെ വാർഷികം അമേരിക്കയിൽ ആഘോഷിക്കുമ്പോൾ അത് 365-ാം ദിവസമോ? 366-ാം ദിവസമോ?

ബാഹ്യലക്ഷണങ്ങൾ ആയിരക്കണക്കിന് ഉണ്ടാകാം. ഉണ്ടാക്കാം. അതിനെച്ചൊല്ലി തർക്കിച്ചിട്ട് കാര്യമില്ല. ശരിയായിരിക്കാം, തെറ്റായിരിക്കാം. ചിലർക്ക് ശരിയും ചിലരുടെ നോട്ടത്തിൽ തെറ്റുമാകാം. ഒരു ആചാര്യൻ കട്ടിലിൽ കിടന്നാണു മരിച്ചതെന്നും അല്ല തറയിൽ കിടന്നാണ് എന്നും പറഞ്ഞ് വഴക്കടിച്ചിട്ട് ആർക്ക് എന്തു നേട്ടം? ബാഹ്യലക്ഷണങ്ങളെച്ചൊല്ലി വഴക്കുണ്ടാക്കുന്നവർ തലങ്ങും വിലങ്ങും ഓടിക്കൂടി കൂട്ടിമുട്ടി പരിക്കേറ്റ് നശിക്കും.



## F. വളർത്തുന്ന, നയിക്കുന്ന ഗുരുക്കന്മാർ

ദൈവത്തിന്റെ സ്വരൂപ ലക്ഷണങ്ങളിലേയ്ക്കു നയിക്കുന്ന ഗുരുക്കന്മാർ നമുക്ക് ഉണ്ട്. അവരെ കേൾക്കുക.

ചില മനുഷ്യർക്ക് ദൈവത്തെക്കുറിച്ച് ചിന്തിക്കാൻ കഴിഞ്ഞെന്നു വരികയില്ല. അവരുടെ ഭാവനയായിരിക്കും അവരുടെ രക്ഷ. പ്രാർത്ഥിക്കുന്നതിലും എളുപ്പം പ്രാർത്ഥന ചൊല്ലുന്നതാകാം. ഇവയെല്ലാം പ്രോത്സാഹിപ്പിക്കപ്പെടാം. പക്ഷെ, 'ഇത്രയും മാത്രമേയുള്ളൂ' എന്ന് പറഞ്ഞ് തൃപ്തിപ്പെടരുത്. കുറേക്കൂടി ചിന്തിക്കാൻ പറ്റുന്നവനും, ആചാരങ്ങളിലെ അനാചാരങ്ങൾ കണ്ടുപിടിക്കാൻ പറ്റുന്നവനും, സോഷ്യൽ ഓർഗനൈസേഷൻ എന്നതിലും അപ്പുറത്തുള്ള മതത്തിന്റെ അർത്ഥം അന്വേഷിക്കുന്നവനും, ദൈവം വേണം. അർത്ഥശൂന്യമായ ആചാരങ്ങളിലെ അർത്ഥശൂന്യത കാണുന്നവനെ 'അവിശ്വാസി' എന്നു പറഞ്ഞ് തള്ളിക്കളയരുത്. അവനെ ദൈവത്തിന്റെ സ്വരൂപലക്ഷണങ്ങളിലേയ്ക്കു പറഞ്ഞുവിടാനെങ്കിലും കഴിയണം. ഇല്ലായെന്നു പറയപ്പെടുന്ന ദൈവം ഇല്ലാത്തതുതന്നെയല്ലേ എന്ന് ചിന്തിച്ചു നോക്കേണ്ടേ? ഉണ്ടായിരിക്കാൻ സാധ്യതയില്ലാത്ത ഒരു ദൈവത്തെ ആരെങ്കിലും നിഷേധിച്ചാൽ 'നിരീശ്വരവാദി' എന്നുപറഞ്ഞ് പുറം തള്ളാതെ, ഉണ്ടായിരിക്കുന്ന ദൈവത്തെ കാണിച്ചു കൊടുക്കാൻ സാധിക്കണം. ആചാരങ്ങളിൽ അർത്ഥം കണ്ടെത്താൻ പറ്റാത്തവന് ആചാരങ്ങളില്ലാത്ത മതത്തെ, ആചാരം വേണ്ടാത്ത മതത്തെ കാണിച്ചുകൊടുക്കാൻ പറ്റണം. ഇവിടെയാണ് നയിക്കുന്നവരുടെ ആവശ്യം. മനുഷ്യരെ നയിക്കുന്നവർ, സഹായിക്കുന്നവർ, ആരേയും ചൂഷണം ചെയ്യാത്തവർ, മനുഷ്യനെ അവന്റെ ബലഹീനതകളെ കീഴ്പ്പെടുത്തി ഉന്നത നിലവാരത്തിലേയ്ക്കു നയിക്കാൻ കഴിവുള്ളവർ.

## G. മതപ്രസംഗകർക്ക് സൂക്ഷിക്കാൻ പറ്റുമോ?



1. അറിയാവുന്ന കാര്യങ്ങൾ മാത്രം പറയുക. കേട്ടത് കേട്ടതാണെന്നും, വായിച്ചത് വായിച്ചതാണെന്നും പറഞ്ഞ് അവതരിപ്പിക്കുക.

2. ശ്രോതാക്കളുടെ വിദ്യാഭ്യാസ നിലവാരം നോക്കി സംസാരിക്കുക. കോളേജു കുട്ടികളോടും പ്രൈമറി സ്കൂൾ കുട്ടികളോടും ഒരേ രീതിയിൽ സംസാരിക്കരുത്. എൽ.കെ.ജി. ടീച്ചർ കോളേജിൽ ക്ലാസ്സെടുക്കാൻ പോകരുത്.

3. ഇന്ന പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. ഇന്ന അദ്ധ്യായത്തിൽ ഈ നമ്പറിൽ പറഞ്ഞിരിക്കുന്നത് ഇന്നതാണ് എന്നു പറയുന്നത് നല്ലതാണ്. പക്ഷെ അതിനപ്പുറം 'ഇന്ന സ്ഥലത്തു പറഞ്ഞിരിക്കുന്ന കാര്യം ഞാൻ പരീക്ഷിച്ചുനോക്കി, ജീവിച്ചുനോക്കി, നല്ലതാണെന്ന് എനിക്കു ബോദ്ധ്യം ഉണ്ട്. നിങ്ങൾക്കും അത് പരീക്ഷിച്ചു നോക്കാം'. "Come and See' - 'വന്നു കാണുക' എന്നു പറയാൻ പറ്റുമോ!

4. കേട്ടതു പറയാൻ എളുപ്പം. കണ്ടത് അവതരിപ്പിക്കാൻ എളുപ്പം! അതിനു വാഗ്ചാതുര്യവും ഭാവനയുമൊക്കെ മതി. പൊടിപ്പും തൊങ്ങലും വച്ച് പറഞ്ഞുകേൾപ്പിച്ചാൽ കേൾക്കുന്നവർക്കു രസമായിരിക്കും. പക്ഷെ ഇന്നത്തെ മനുഷ്യന് ആവശ്യം - കേട്ട ആശയങ്ങളും ആദർശങ്ങളും ത്യാഗത്തിലൂടെ ജീവിതത്തിൽ പകർത്തിയതിന്റെ അനുഭവം പങ്കുവയ്ക്കുന്ന പ്രഘോഷകരെയാണ്.

'ഞാൻ കേട്ടു, ഞാൻ പരീക്ഷിച്ചുനോക്കി, വിജയിച്ചു. നിങ്ങൾക്കും പരീക്ഷിക്കാം'.

'ഞാൻ അന്വേഷിച്ചു, ഞാൻ കണ്ടെത്തി. നിങ്ങൾക്കും അന്വേഷിച്ചു നോക്കാം' എന്നു പറയുന്നവരെയാണ് നമുക്ക് ആവശ്യം, "നിങ്ങൾ അങ്ങനെ ചെയ്യണം, ഇങ്ങനെ ചെയ്യരുത്" എന്നു പറയുന്ന പ്രസംഗകരെക്കാൾ അധികമായി. നമുക്ക് അങ്ങനെ ചെയ്യാതിരിക്കാം', 'നമുക്ക് ഇത് ഇങ്ങനെ ചെയ്തു നോക്കാം' എന്നു പറയുന്നവരെയാണ് ഇന്നു വേണ്ടത്. അതായത് ഞാനും നിങ്ങളും ഒരേ പാതയിൽ. ഞാനും പരിശ്രമിക്കാം, ഈ പറഞ്ഞതുപോലെ ജീവിക്കാൻ. ഉപദേശങ്ങൾ നിങ്ങൾക്കുവേണ്ടി മാത്രമല്ല, എനിക്കും കൂടി വേണ്ടിയിട്ടുള്ളതാണ്.

## H. മതങ്ങളുടെ സാമൂഹികവശം

### (Religion as a Social Organisation)

ഒരു 'സോഷ്യൽ ഓർഗനൈസേഷൻ' എന്ന നിലയിൽ എല്ലാ മതങ്ങൾക്കും അതിന്റേതായ പ്രാധാന്യം ഉണ്ട്. ഒത്തുകൂടാനും, ആഘോഷിക്കാനും, സന്തോഷിക്കാനും, സന്തോഷിപ്പിക്കാനും, പാവങ്ങളെ സംരക്ഷിക്കാനുമെല്ലാം ഈ വ്യത്യസ്ത മാനങ്ങൾ കൂടിയേ തീരൂ. ആചാരങ്ങൾ പലപ്പോഴും അനാചാരങ്ങളാണെങ്കിലും, ഈ അനാചാരങ്ങൾ പലപ്പോഴും ഉപകാരപ്രദമാണ്. ഏതെങ്കിലും ഒരു പ്രത്യേക ദിവസത്തിന് പ്രാധാന്യം നൽകി, (ചരിത്രത്തിൽ അടിസ്ഥാനം ഇല്ലെങ്കിലും ഉണ്ടെങ്കിലും) അതേച്ചുറ്റിപ്പറ്റി ആഘോഷങ്ങൾ ഉള്ളത്, മനുഷ്യന് എത്രയോ ആനന്ദപ്രദമാണ്. എല്ലാവർക്കും ഒരുമിച്ചു കൂടാനുള്ള അവസരം - തിരുനാളുകൾ, കല്യാണം തുടങ്ങിയവ.

സോഷ്യൽ ഓർഗനൈസേഷൻ എന്ന നിലയിലുള്ള മതത്തിൽ ദൈവത്തിന് ഒരു സ്ഥാനവും വേണമെന്നില്ല. ആചാരങ്ങൾക്ക് അടിസ്ഥാനം ചരിത്രവും സത്യവുമാകണമെന്നില്ല. സങ്കൽപങ്ങളും കെട്ടുകഥകളും മതി. പെയ്ന്റിംഗ്സ്, പ്രതിമകൾ, വാസ്തുശില്പങ്ങൾ, മ്യൂസിക്, കലാരൂപങ്ങൾ തുടങ്ങിയവയെല്ലാം അടിസ്ഥാനമാക്കി ആചാരങ്ങളാകാം ഏതെങ്കിലും ഒരു സ്ഥലത്തിനോ, വസ്തുവിനോ പ്രാധാന്യം നൽകിയും ആഘോഷങ്ങൾ ആകാമല്ലോ. ജനനവും വിവാഹവും അതിനോടനുബന്ധിച്ച മതപരവും സാമൂഹികവുമായ ചടങ്ങുകളും ഇല്ലെങ്കിൽ മനുഷ്യജീവിതം എത്ര ശുഷ്കമാണ്.



# പുതിയ യുഗത്തിലേയ്ക്ക്!



**(Religion for a Life, Life with God, Religion for God Realisation)**

'കോവിഡാനന്തരകാലം' - ഇതുവരെ കണ്ടതിൽ പലതിനും, കേട്ടതിൽ പലതിനും, ജീവിച്ചതിൽ പലതിനും ഇനി അർത്ഥമില്ല. പല മൂല്യങ്ങളും വലിച്ചെറിയപ്പെടും. പല ആചാരങ്ങളും ഇനി നടപ്പാക്കാൻ പറ്റാതെ പോകും. പക്ഷെ സത്യദൈവത്തിനും, ആ ദൈവത്തിന്റെ ജനതയ്ക്കും, ആ ജനതയുടെ നാടിനും ഭാവിയുണ്ട്. പൂജാരികളും ഗുരുക്കന്മാരും രണ്ടായി തിരിയണം.

പൂജാരികൾ പൂജയും അതിനോടനുബന്ധിച്ച കാര്യങ്ങളും ചെയ്ത് ദൈവത്തിന്റെ ബാഹ്യ ഭാഗിക സാങ്കൽപിക ലക്ഷണങ്ങളെ ചുറ്റിപ്പറ്റി മതങ്ങളെ സംഘടിപ്പിക്കട്ടെ. ഉപദേശികളും ആൾദൈവങ്ങളും അവരുടെ താൽപര്യങ്ങൾക്കുവേണ്ടി മനുഷ്യരുടെ അജ്ഞതയെ ചൂഷണം ചെയ്യുന്നത് സാധിക്കുന്നിടത്തോളം തടയപ്പെടട്ടെ.

ഗുരുക്കന്മാർ ദൈവത്തിന്റെ സ്വരൂപ ലക്ഷണങ്ങൾ മനസ്സിലാക്കി അതിലേയ്ക്കുള്ള വഴിയിൽ ജനങ്ങളെ നയിക്കട്ടെ. ഓരോരുത്തരേയും അവരവരുടെ കഴിവും സാഹചര്യവും അനുസരിച്ച്. സത്യദൈവം ഒന്നേയുള്ളൂ, സത്യമതവും ഒന്നേ ആകാൻ പാടുള്ളൂ. പല രൂപങ്ങളും ഭാവങ്ങളും ആകാം. ദേശത്തിന്റെ, കാലത്തിന്റെ, അറിവിന്റെ, പാരമ്പര്യത്തിന്റെ എല്ലാം പേരിൽ വ്യത്യസ്തമായി തോന്നാം. എങ്കിലും അടിസ്ഥാനവും നിലനിൽപും ലക്ഷ്യവും ഒന്നാണ് - ദൈവാനുഭവം, ദൈവാനുഭവം പങ്കുവയ്ക്കൽ.

ദൈവത്തിന്റെ പേരിൽ മതങ്ങൾ തമ്മിലുള്ള മത്സരങ്ങൾക്കും വഴക്കുകൾക്കും അനേക നൂറ്റാണ്ടുകളുടെ ചരിത്രമാണുള്ളത്. അടിസ്ഥാനമില്ലാത്ത കാര്യങ്ങളെച്ചൊല്ലിയായിരുന്നു ഇതൊക്കെയെന്ന് പ്രബുദ്ധരായ മനുഷ്യർ മനസ്സിലാക്കുന്നതോടെ പഴയ രീതിയിലുള്ള മത്സരങ്ങൾക്ക് അറുതി വരും. പുതിയൊരു മത്സരരീതിയിലേയ്ക്കും രംഗത്തേയ്ക്കും മതങ്ങൾ കടന്നുവരേണ്ട സമയമായിരിക്കുന്നു. മതങ്ങൾ മനുഷ്യരുടെ രക്ഷകരായിരിക്കേണ്ട കടമ ഇതുവരെ ശരിയായി

നിർവ്വഹിക്കാൻ പറ്റിയിട്ടില്ലെങ്കിൽ ഇപ്പോൾ പുതിയ അവസരം വരുന്നു. ഇനിയുള്ള മത്സരങ്ങൾ.

സഹജീവികളുടെ വിശപ്പടക്കുന്നതിൽ
രോഗം മാറ്റുന്നതിൽ
പാർപ്പിടം ഒരുക്കുന്നതിൽ
അറിവു വർദ്ധിപ്പിക്കുന്നതിൽ
ശാന്തമായ ജീവിതത്തിന് സാഹചര്യം ഒരുക്കുന്നതിൽ

പുതിയ യുഗം മത്സരത്തിന്റേതാണ് - 'സഹായിക്കാനുള്ള മത്സരം'. മറ്റുള്ളതെല്ലാം കാലഹരണപ്പെട്ടു.

ദൈവത്തിന്റെ യഥാർത്ഥ രൂപത്തെക്കുറിച്ച് അറിയാൻ തുടങ്ങുന്നവരുടെ (പൂർണ്ണ അറിവ് ആർക്കും ലഭിച്ചെന്നുവരില്ല) ഇടയിൽ മതത്തെ ചൊല്ലിയോ, ദൈവത്തെ ചൊല്ലിയോ മത്സരങ്ങളും വഴക്കുകളും ഉണ്ടാവുകയില്ല.

ഇന്ന് പല മതങ്ങളും 'പഠിപ്പിക്കുന്നവരുടെ' സമൂഹമാണ്, 'ജീവിക്കുന്നവരുടെ' അല്ല. നന്നായി ജീവിക്കുന്ന സാധാരണക്കാരുടെ ജീവിതശൈലി മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിച്ച്, മനുഷ്യരെ സമാധാനത്തിലേയ്ക്ക് നയിക്കാൻ പറ്റുമോ? പ്രസംഗിക്കുകയല്ല, നയിക്കുകയാണ് വേണ്ടത്. നയിക്കണമെങ്കിൽ മുൻപേ പോകണം. മുൻപേ പോകണമെങ്കിൽ ജീവിച്ചു കാണിക്കണം. ജീവിച്ചു കാണിക്കണമെങ്കിൽ എങ്ങനെ ജീവിക്കണമെന്ന് പഠിച്ചിരിക്കണം. കൊള്ളേണ്ടതു കൊള്ളാനും തള്ളേണ്ടതു തള്ളാനും വേണ്ട അറിവ് ഉണ്ടായിരിക്കണം. ദൈവത്തിന്റെ സ്വരൂപ ലക്ഷണത്തിലേയ്ക്കുള്ള വഴിയിലെങ്കിലും കയറിയിട്ടുണ്ടാവണം.

സത്യദൈവം എല്ലാവരുടേയും - എന്റെയും, നിന്റെയും, അവന്റെയും, അവളുടെയും - ദൈവമാണെന്ന് മനസ്സിലാക്കാൻ നോക്കുന്നവർ ശരിയായ പാതയിൽ തന്നെ!

## സത്യം!

ആയിരിക്കുന്നത്
ആയിരിക്കേണ്ടതു പോലെ
ആയിരിയ്ക്കുന്നത്!

ആയിരിക്കുന്നത്
ആയിരിക്കുന്നതു പോലെ
അറിയുന്നത്!

അറിഞ്ഞത്
അറിഞ്ഞതു പോലെ
അവതരിപ്പിക്കുന്നത്!